കുടുംബശ്രീ വാർത്താപത്രിക

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

ലക്കം 33 2012 ഫെബ്രുവരി 15 തിരുവനന്തപുരം email: info@kudumbashree.org | www.kudumbashree.org

# കുടുംബശ്രീ ഭരണസമിതികൾ അധികാരമേറ്റു



*പുതുതായി തിരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ ഭരണസമിതി അംഗങ്ങൾ ചുമതലയേൽക്കുന്ന ചടങ്ങിന്റെ സംസ്ഥാനതല ഉദ്ഘാടനവേളയിൽ പഞ്ചായത്ത്-സാമൂഹികക്ഷേമ മന്ത്രി ഡോ.എം.കെ.മുനീർ സി.ഡി.എസ്. ചെയർപേഴ്സൺമാർക്ക് സത്യവാചകം ചൊല്ലിക്കൊടുക്കുന്നു*

സംസ്ഥാനമൊട്ടാകെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ ഭരണസമിതികൾ ചുമതലയേറ്റു. 1057 സി.ഡി.എസ്സുകളിലെ ഭാരവാഹികളും ഭരണസമിതികളുമാണ് ചുമതലയേറ്റത്. തൃശൂർ ജില്ലയിലെ വെള്ളാങ്ങല്ലൂരിൽ പഞ്ചായത്ത്-സാമൂഹികക്ഷേമ മന്ത്രി ഡോ. എം.കെ. മുനീർ സത്യപ്രതിജ്ഞാ ചടങ്ങിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു.

കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് ഇക്കൊല്ലം ബജറ്റിൽ വകയിരുത്തിയ 45 കോടി രൂപയും സർക്കാർ ഇതിനകം അനുവദിച്ചു നൽകിയതായി ഡോ. മുനീർ പറഞ്ഞു. കൂടുതൽ പണം ആവശ്യമെങ്കിൽ അനുവദിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു. കഴിഞ്ഞ എട്ടു മാസത്തിനകം ഒട്ടേറെ പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. നിലവിലുള്ള പല പദ്ധതികളും വിപുലീകരിക്കുകയും ചെയ്തു. കുടുംബശ്രീ പദ്ധതികളായ 'ആടുഗ്രാമം' 48 പഞ്ചായത്തുകളിലേക്കും 'ക്ഷീരസാഗരം' 30 പഞ്ചായത്തുകളിലേക്കും കൂടി വ്യാപിപ്പിച്ചു. 22 'ബഡ്സ്' സ്കൂളുകൾ പുതുതായി തുടങ്ങുകയും 20 ബഡ്സ് സ്കൂളുകൾക്കുകൂടി വാഹനങ്ങൾ ലഭ്യമാക്കുകയും ചെയ്തു. ചരിത്രത്തിലാദ്യമായാണ് കുടുംബശ്രീ ഭരണസമിതികളിൽ പട്ടികജാതി-വർഗ വിഭാഗങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പാക്കിയതെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്ത് സി.ഡി.എസ്സുകളിലേയും കൊടുങ്ങല്ലൂർ നഗരസഭയിലെ രണ്ട് സി.ഡി.എസ്സുകളിലേയും ചെയർപേഴ്സൺമാർക്ക് മന്ത്രി ഡോ. മുനീറും വൈസ് ചെയർപേഴ്സൺമാർക്ക് ടി.എൻ. പ്രതാപൻ എം.എൽ.എയും സത്യവാചകം ചൊല്ലിക്കൊടുത്തു. ടി.എൻ. പ്രതാപൻ എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ വിവിധ ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് ഭാരവാഹികളും ജനപ്രതിനിധികളും പങ്കെടുത്തു. കുടുംബശ്രീ ഡയറക്ടർ പി.കെ. തോമസ് സ്വാഗതവും ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ജ്യോതിഷ് കുമാർ നന്ദിയും പറഞ്ഞു.

ഇതേസമയത്തുതന്നെ സംസ്ഥാനത്തെമ്പാടും അയൽക്കൂട്ടങ്ങൾ, എ.ഡി.എസ്സുകൾ, സി.ഡി.എസ്സുകൾ എന്നിവയുടെ ഭരണസമിതികളും ഭാരവാഹികളും നേതൃത്വമേറ്റെടുത്തു. സി.ഡി.എസ് ചെയർപേഴ്സൺമാരും വൈസ് ചെയർപേഴ്സൺമാരും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ/മുനിസിപ്പൽ ചെയർപേഴ്സൺമാർ/കോർപ്പറേഷൻ മേയർ മുമ്പാകെയാണ് സത്യപ്രതിജ്ഞ ചെയ്തത്.

2011 ഡിസംബർ 20 മുതൽ 31 വരെ നടന്ന ഒന്നാംഘട്ട തിരഞ്ഞെടുപ്പിൽ 2.13 ലക്ഷം അയൽക്കൂട്ടങ്ങളിലും 2012 ജനുവരി 5 മുതൽ 10 വരെ നടന്ന എ.ഡി.എസ് തിരഞ്ഞെടുപ്പിൽ 18,669 എ.ഡി.എസ്സുകളിലും ജനുവരി 25 വരെ നടന്ന തിരഞ്ഞെടുപ്പിൽ 1,058 സി.ഡി.എസ്സുകളിലും അടുത്ത മൂന്ന് വർഷത്തേക്കുള്ള ഭരണസമിതികളെ തിരഞ്ഞെടുത്തു. നിലവിലുള്ള സി.ഡി.എസ് ഭരണസമിതിയുടേയും നിയുക്ത ഭാരവാഹികളുടേയും സംയുക്ത യോഗത്തിലാണ് ചുമതലാ കൈമാറ്റം നടന്നത്.

# ഗ്രാമച്ചന്തയും നാടൻവിഭവങ്ങളുമായി 'ഗ്രാമയാത്ര'യിൽ കുടുംബശ്രീ



*ഗ്രാമയാത്രയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് അന്നമനട പഞ്ചായത്തിലെ പുളിക്കകടവ് പുഴയോരത്ത് സംഘടിപ്പിച്ച കുടുംബശ്രീ വിപണനമേള സന്ദർശിക്കുന്ന ഡോ.എം.കെ.മുനീർ*

ഗ്രാമഭംഗി നിറഞ്ഞൊഴുകുന്ന പുളിക്ക കടവ്.പുഴയോരത്ത് പുരാതന വീടിന്റെ ഉമ്മറം ഓർമ്മിപ്പിക്കുന്ന വേദി. വേദിയിൽ റാന്തൽ വിളക്ക്. ചുറ്റും മൺചിരാതുകൾ. മുന്നിൽ 'ജട്ക'. പ്രവേശന കവാടത്തിൽ തലയുയർത്തി ഏറുമാടം. പുരയിടത്തിൽ പണിയെടുക്കുന്ന ഗ്രാമീണർ, അരികെ കുട്ടയും കതിർകറ്റകളും. വേദിക്കരികെ ഗ്രാമച്ചന്തയുടെ പ്രതീതി ജനിപ്പിക്കുന്ന കുടുംബശ്രീ പ്രദർശന പവിലിയൻ - പൊലിമയാർന്ന ഗ്രാമക്കാഴ്ചകൾകൊണ്ട് സമ്പന്നമായ വേദിയും പരിസരവും ഉത്സവപ്രതീതിയുണർത്തി.

ഗ്രാമസഭകളെ ശാക്തീകരിക്കുന്നതിനായി പഞ്ചായത്ത് സാമൂഹിക ക്ഷേമ മന്ത്രി ഡോ. എം.കെ മുനീർ നയിക്കുന്ന ഗ്രാമയാത്രയുടെ ഉദ്ഘാടനവേദി ഗ്രാമ്യഭംഗികൊണ്ടും കുടുംബശ്രീ പങ്കാളിത്തംകൊണ്ടും ശ്രദ്ധേയമായി. തൃശൂരിലെ അന്നമനട ഗ്രാമപഞ്ചായത്തിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയാണ് ഗ്രാമയാത്ര ഉദ്ഘാടനം ചെയ്തത്. ആയിരങ്ങൾ പങ്കെടുത്ത ചടങ്ങിൽ കുടുംബശ്രീ യൂണിറ്റുകൾ എല്ലാവർക്കും വറുത്ത കപ്പലണ്ടിയും ചുക്കുകാപ്പിയും നൽകി; യോഗം അവസാനിച്ചപ്പോൾ അത്താഴവും. പൊടിയരിക്കഞ്ഞി, ഇടിയൻ ചക്കപ്പുഴുക്ക്, കപ്പ, മുളക് ചമ്മന്തി, മീൻകറി എന്നിവയായിരുന്നു വിഭവങ്ങൾ. കമുകിൻപാള കൊണ്ട് ഉണ്ടാക്കിയ പാത്രത്തിൽ വിളമ്പിയ അത്താഴം കഴിക്കാൻ പ്ലാവിലയിൽ ഈർക്കിൽ കുത്തിയുണ്ടാക്കിയ 'കൈൽ.'

കുടുംബശ്രീ ഒരുക്കിയ പ്രദർശനത്തിലെ വൈവിധ്യമാർന്ന നാടൻ ഉല്പന്നങ്ങൾക്ക് ആവശ്യക്കാരേറെയുണ്ടായി. മന്ത്രി ഡോ.എം.കെ. മുനീറും യോഗത്തിലെ വിശിഷ്ടാതിഥികളും പ്രദർശനം സന്ദർശിച്ച് അനുമോദനം അറിയിച്ചു. ജമ്മുകാശ്മീരിലെ പഞ്ചായത്ത് സെക്രട്ടറിമാരുൾപ്പെട്ട പത്തംഗ സംഘവും കുടുംബശ്രീയുടെ ഗ്രാമച്ചന്ത സന്ദർശിച്ചു. അത്ഭുതാദരങ്ങളോടെയാണ് അതേപ്പറ്റി അവരുടെ പ്രതിനിധി ഗ്രാമയാത്രാ വേളയിൽ പ്രസംഗിച്ചത്.

തൃശൂർ, എറണാകുളം, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ നിന്നും എത്തിച്ച കുടുംബശ്രീ ഉത്പന്നങ്ങൾ 15 സ്റ്റാളുകളിലായി പ്രദർശനത്തിനും വിപണനത്തിനും സജ്ജമാക്കിയിരുന്നു.

തൃശൂർ ജില്ലയിലെ കുടുംബശ്രീ ഉത്പന്നങ്ങൾ ഗ്രാമങ്ങളിലും നഗരങ്ങളിലും ഇന്ന് ഒരു പോലെ സുലഭമാണ്. സംസ്ഥാന സ്കൂൾ യുവജനോത്സവം, ഒല്ലൂർ എം.എൽ.എയുടെ നേതൃത്വത്തിൽ പീച്ചിയിൽ സംഘടിപ്പിച്ച മഹിമ ഫെസ്റ്റ്, തൃശൂർ തേക്കിൻക്കാട് മൈതാനിയിൽ ജില്ലാ വ്യവസായ കേന്ദ്രം നടത്തിയ ഭക്ഷ്യമേള, തൃശൂർ ഹോർട്ടികൾച്ചർ സൊസൈറ്റി സംഘടിപ്പിച്ച ഫ്ളവർ ഷോ തുടങ്ങി സംസ്ഥാന ജില്ലാതലങ്ങളിലായി ഡിസംബർ, ജനുവരി മാസങ്ങളിൽ തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നടന്ന പരിപാടികളിൽ കുടുംബശ്രീ ഉൽപാദക യൂണിറ്റുകളുടെ ഉത്പന്നങ്ങൾ, കഫേ കുടുംബശ്രീ, സാന്ത്വനം തുടങ്ങി വിവിധ സ്റ്റാളുകൾ കുടുംബശ്രീ ജില്ലാ മിഷൻ ഒരുക്കിയിരുന്നു.

ചാലക്കുടി യൂണിറ്റിൽ ശുദ്ധമായ വെളിച്ചെണ്ണയിൽ തയ്യാറാക്കിയ അരിമുറുക്ക്, അച്ചപ്പം, കുഴലപ്പം, കായ, കപ്പ ചിപ്സ്, അരിയുണ്ട, ഉണ്ണിയപ്പം തുടങ്ങിയ പലഹാരങ്ങളും, നടത്തറ പെൻ്റാസിന്റെ നറുനീണ്ടി, തുളസി, ബീറ്റ്റൂട്ട്, പുതിന സ്കാഷുകളും അമൽ, ദേവീ, പൊലിമ എന്നീ യൂണിറ്റുകളുടെ വിവിധതരം അച്ചാറുകൾ, നാമ്പ് യൂണിറ്റിന്റെ പെൻസ്റ്റാൻഡ്, ഫ്ളവർസ്റ്റാൻഡ് വിവിധതരം കൊണ്ടാട്ടങ്ങൾ, തോളൂർ സ്നേഹ ന്യൂട്രിമിക്സിന്റെ കപ്പലണ്ടി മിഠായി, എള്ളവള്ളി ന്യൂട്രിമിക്സിന്റെ ലഡു, ഹോം ഷോപ്പിലൂടെ വിതരണം ചെയ്യുന്ന ഗ്രീൻ ലീഫ് മുളകുപൊടി, ചായപ്പൊടി, മഞ്ഞൾപൊടി, മല്ലിപ്പൊടികൾ, ഉണക്ക കപ്പ, മാങ്ങ, കൂവപ്പൊടി, പുല്ല് പൊടി, റാഗിപ്പൊടി, ഇടിച്ചക്ക, പപ്പായ, മുരിങ്ങ, ചേന, ചേമ്പ്, കാവത്ത്, കാന്താരി മുളക്, വാഴകുടപ്പൻ, തുടങ്ങി പൊതുവിപണിയിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന വിഭവങ്ങളെല്ലാം കുടുംബശ്രീ ഒരുക്കുന്ന മേളകളിൽ ലഭ്യമാണ്.

'കഫേ കുടുംബശ്രീ'യുടെ നെല്ലിക്കാ ജ്യൂസ്, തട്ടിൽ കുട്ടിദോശ, ഇലയട എന്നിവയും വിതരണം ചെയ്യുന്നുണ്ട്. നാലു പേരടങ്ങുന്ന എസ്.എം.ഇ ഗ്രൂപ്പാണ് തൃശൂർ ജില്ലയിലെ വിപണന മേളകൾക്ക് നേതൃത്വം നൽകുന്നത്.

## കുഞ്ഞമ്മചേച്ചി




വയനാട്ടിൽ ഉത്തരവാദിത്ത ടൂറിസം-കുടുംബശ്രീ ഹോം ഷോപ്പുകൾ തുടങ്ങി

## എൻ.ആർ.എൽ.എം
### സംസ്ഥാന നിർവഹണ പദ്ധതിക്ക് കേന്ദ്ര അനുമതി

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ (ആജീവിക) സംസ്ഥാന നിർവഹണപദ്ധതിക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അംഗീകാരം നൽകി. സംസ്ഥാന നോഡൽ ഏജൻസിയായ കുടുംബശ്രീ - ദാരിദ്ര്യ നിർമാർജന മിഷൻ - സമർപ്പിച്ച നിർവഹണ പദ്ധതിപ്രകാരം ഏഴു വർഷത്തേക്ക് 1160.13 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 2012 - 13 വർഷത്തേക്ക് 84.86 കോടി രൂപ അനുവദിച്ചു. ഇതിൽ 64.83 കോടി രൂപ കേന്ദ്ര വിഹിതമാണ്.

കുടുംബശ്രീ വാർത്താപത്രിക

# കുടുംബശ്രീ സൂക്ഷ്മ സംരംഭ മാതൃക ഏഴു സംസ്ഥാനങ്ങളിൽ നടപ്പാക്കും



കേന്ദ്ര ഗ്രാമവികസന മന്ത്രാലയം കുടുംബശ്രീയുമായി ചേർന്ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ദ്വിദിന ശില്പശാല തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ജയിംസ് വർഗീസ് ഉദ്ഘാടനം ചെയ്യുന്നു

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭ മാതൃക (എം.ഇ.സി.)ആദ്യ ഘട്ടത്തിൽ ഏഴു സംസ്ഥാനങ്ങൾ നടപ്പാക്കും. അതിനായി ആന്ധ്രപ്രദേശ്, ബിഹാർ, ഝാർഖണ്ഡ്, ഗുജറാത്ത്, മഹാരാഷ്ട്ര, ഒറീസ, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ കുടുംബശ്രീയുമായി ധാരണാപത്രത്തിൽ ഏർപ്പെടും. തിരുവനന്തപുരത്തു നടത്തിയ ക്രസ്റ്റ് പരിശീലനപരിപാടിയിലാണ് സംസ്ഥാന പ്രതിനിധികൾ ഈ തീരുമാനം അറിയിച്ചത്. കുടുംബശ്രീക്കു കീഴിലുള്ള സൂക്ഷ്മ സംരംഭങ്ങളുടെ നടത്തിപ്പ് വിജയകരമാണെന്നു കണ്ട സാഹചര്യത്തിലാണ് 'ആജീവിക' യെന്ന് നാമകരണം ചെയ്യപ്പെട്ട ദേശീയ ഗ്രാമീണ ഉപജീവന മിഷനു കീഴിൽ വിവിധ സംസ്ഥാനങ്ങളിൽ കുടുംബശ്രീ മാതൃക പിന്തുടരാൻ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം തീരുമാനിച്ചത്. അതിനു മുന്നോടിയായാണ് കുടുംബശ്രീയുമായി ചേർന്ന് മന്ത്രാലയം ദ്വിദിന ശിൽപ്പശാല സംഘടിപ്പിച്ചത്. ഗ്രാമവികസന മന്ത്രാലയം തെരഞ്ഞെടുത്ത ഏഴു സംസ്ഥാനങ്ങളിലെ സംസ്ഥാന ഉപജീവന മിഷനുകളുടെ ഡയറക്ടർമാരും വിദഗ്ധരും 13 മാതൃകാ ആർസെറ്റി(ഗ്രാമീണ സ്വയം തൊഴിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്) ഡയറക്ടർമാരും ബാംഗ്ലൂരിലെ നാഷണൽ അക്കാദമി ഓഫ് റൂഡ്സെറ്റിയിലെ പ്രമുഖരും പരിശീലനത്തിൽ പങ്കെടുത്തു.

സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രത്യേക ഉപദേഷ്ടാക്കളെ നിയോഗിച്ച് സംരംഭങ്ങൾ വിജയകരമാക്കുന്ന മാതൃകയാണ് കുടുംബശ്രീ ഏഴു വർഷം മുമ്പ് നടപ്പാക്കിയത്. മികച്ച സംരംഭമാതൃകകൾ കണ്ടെത്തി നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത് മുതൽ അനുമതി, ബാങ്ക് വായ്പ, ഉൽപ്പന്നങ്ങളുടെ പാക്കിംഗ്, വിപണനം, അക്കൗണ്ടിംഗ് തുടങ്ങി എല്ലാ മേഖലകളിലും നിർദ്ദേശങ്ങളും സഹായവും നൽകുന്നതിനു പുറമെ പ്രതിസന്ധികൾ ഉണ്ടായാൽ പരിഹരിക്കാനുള്ള ഉപദേശവും എം ഇ സി മാർ സംരഭകന് നൽകുന്നു. കേരളത്തിലെ എം.ഇ.സിമാരുടെ സേവനം മറ്റു സംസ്ഥാനങ്ങളിലെ എം.ഇ.സി മാരെ പരിശീലിപ്പിക്കുന്നതിനടക്കം ലഭ്യമാക്കണമെന്നാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ നിർദ്ദേശം. അടുത്ത ഏഴു വർഷത്തിനകം ഒരുകോടി സംരംഭങ്ങളാണ് 'ആജീവിക' ലക്ഷ്യമിടുന്നത്.

കുടുംബശ്രീയുടെ നിരവധി നാഴികക്കല്ലുകളിലൊന്നാണ് എം.ഇ.സി. മാതൃകയെന്ന് ശിൽപശാല ഉദ്ഘാടനം ചെയ്ത തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ സെക്രട്ടറി ജയിംസ് വർഗീസ് പറഞ്ഞു.

ജനങ്ങൾക്കുവേണ്ടി ജനങ്ങൾ തയ്യാറാക്കിയ ജനങ്ങളുടെ പദ്ധതിയാണ് എം.ഇ.സി മാതൃകയെന്ന് മുഖ്യപ്രഭാഷണം നടത്തിയ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിലെ 'ആജീവിക' ജോയിന്റ് സെക്രട്ടറി ടി വിജയകുമാർ പറഞ്ഞു. ഈ മാതൃക നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് ബന്ധപ്പെട്ട ചെലവുകൾക്കായി സംസ്ഥാന ബജറ്റിലെ ശേഷീവികസനത്തിനുള്ള പദ്ധതികളിൽ നിന്ന് പണം ചെലവഴിക്കാനാകും. ഇത്തരം സംരംഭങ്ങൾക്ക് വായ്പ നൽകുന്നതിന് പ്രത്യേക കൗണ്ടറുകൾ ആരംഭിക്കുന്നതടക്കമുള്ള കാര്യങ്ങൾ വിവിധ ബാങ്കുകളുമായി ചർച്ചചെയ്യും. സംരംഭം പരാജയപ്പെട്ടാൽ വായ്പ തിരിച്ചടയ്ക്കുന്നതിന് സംസ്ഥാന ഉപജീവന മിഷനുകൾ പ്രത്യേക തുക വകയിരുത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

ചില്ലറ വ്യാപാര മേഖലയിൽ വിദേശനിക്ഷേപം വന്നാലും കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയുമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറിയും ഐ.എം.ജി ഡയറക്ടറുമായ എസ്. എം. വിജയാനന്ദ് പറഞ്ഞു. എം ഇ സി മാതൃകയുടെ ആവിർഭാവവും പ്രവർത്തനശൈലിയും സവിശേഷതകളും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ അവതരിപ്പിച്ചു. പ്രാദേശിക സമ്പദ്വ്യവസ്ഥയുടെ വളർച്ച ലക്ഷ്യമാക്കി കുടുംബശ്രീ സംരംഭങ്ങളെ ഏകോപിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സ്വീകരിക്കുന്ന നടപടികളും അവർ വിശദീകരിച്ചു.

കുടുംബശ്രീക്കു കീഴിൽ എം ഇ സി മാരായി പ്രവർത്തിക്കുന്നവർ അവരുടെ പ്രവർത്തനങ്ങളും അനുഭവങ്ങളും വിവരിച്ചു. എം.ഇ.സി മാർക്കു പ്രത്യേക പരിശീലനം നൽകുന്ന ട്രീസ് ഫൗണ്ടേഷനിലെ രഞ്ജിത് റാനഡെ, രാമചന്ദർ കൃഷ്ണമൂർത്തി, ഗ്രാമ വികസന മന്ത്രാലയത്തിലെ ഡെപ്യൂട്ടി സെക്രട്ടറി രേണുക കുമാർ, കുടുംബശ്രീ ഡയറക്ടർ പി കെ തോമസ്, പ്രോഗ്രാം ഓഫീസർ ലിബി.ടി. ജോൺസൺ എന്നിവരും ശിൽപശാലയിൽ പങ്കെടുത്തു.

# 'ഉന്നതി' നിലവിൽ വന്നു

## ഇനി കുടുംബശ്രീ ഐ.റ്റി. യൂണിറ്റുകൾ ഒരു കുടക്കീഴിൽ

unnathi
Consortium of Kudumbashree IT Units



കുടുംബശ്രീ ഐ.റ്റി. സംരംഭങ്ങളുടെ സംസ്ഥാനതല കൺസോർഷ്യമായ ഉന്നതി ലോഗോ പഞ്ചായത്ത് സാമൂഹികക്ഷേമ മന്ത്രി ഡോ.എം.കെ. മുനീർ പ്രകാശനം ചെയ്യുന്നു. കുടുംബശ്രീ ഡയറക്ടർ പി.കെ. തോമസ് സമീപം.

കുടുംബശ്രീക്കുകീഴിൽ പ്രവർത്തിക്കുന്ന ഐ റ്റി സംരംഭങ്ങളുടെ സംസ്ഥാനതല കൺസോർഷ്യമായ 'ഉന്നതി' നിലവിൽ വന്നു. ഇതോടെ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന 79 ഡാറ്റാ പ്രോസസ്സിംഗ് യൂണിറ്റുകളും അഞ്ച് ഹാർഡ് വെയർ അസംബ്ലിംഗ് യൂണിറ്റുകളും ഉന്നതിക്കു കീഴിൽ വരും. കൺസോർഷ്യത്തിന്റെ ലോഗോ പഞ്ചായത്ത് സാമൂഹികക്ഷേമ മന്ത്രി ഡോ എം കെ മുനീർ പ്രകാശനം ചെയ്തു.

സംസ്ഥാനം ഐ.റ്റി. മേഖലയിൽ ലക്ഷ്യബോധത്തോടെ മുന്നേറുമ്പോൾ അതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ പുതിയ കൺസോർഷ്യത്തിന് കഴിയുമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. സംസ്ഥാനത്ത് സാമൂഹികക്ഷേമ വകുപ്പിനു കീഴിൽ ആരംഭിക്കുന്ന ജൻഡർ പാർക്കുകളിൽ ഉന്നതിക്ക് സ്ഥലം ലഭ്യമാക്കുന്നകാര്യം സർക്കാർ ആലോചിക്കും. തൃശൂരിൽ ഉന്നതി ആസ്ഥാനത്തിന് സ്വന്തമായി സ്ഥലം ലഭ്യമാക്കാൻ സർക്കാർ നടപടിയെടുക്കുമെന്ന് മന്ത്രി പറഞ്ഞു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ, ഡയറക്ടർ പി കെ തോമസ്, കുടുംബശ്രീ പ്രവർത്തനങ്ങൾ പഠിക്കാനെത്തിയ ഹിമാചൽ പ്രദേശ് സംഘത്തിലെ ഗ്രാമവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ.ആർ.എൻ.ബട്ട, ഉന്നതി കൺസോർഷ്യം പ്രസിഡന്റ് കെ. വിജയ, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ലിബി ടി. ജോൺസൺ എന്നിവർ സംസാരിച്ചു.

കുടുംബശ്രീ ഐ.റ്റി സംരംഭകർക്ക് ഏറെ പ്രതീക്ഷയും സാധ്യതയും ഉയർത്തിയ 'ഉന്നതി' തൃശൂർ ആസ്ഥാനമായാണ് ആരംഭിക്കുന്നത്. സംരംഭകരെ ക്ലസ്റ്റർ ചെയ്ത് ഉല്പാദന വിതരണ മേഖലയിലെ സജീവ സാന്നിദ്ധ്യമായി കുടുംബശ്രീ മാറുന്നതിന്റെ ഭാഗമായാണ് കൺസോർഷ്യത്തിന്റെ രൂപീകരണം. സാമ്പത്തിക-സാമൂഹിക-സ്ത്രീശാക്തീകരണത്തിലൂടെ ദാരിദ്ര്യനിർമാർജനം സാധ്യമാക്കുകയും പൊതുസമൂഹത്തിൽ ഉല്പാദന വിപണന ശൃംഖല സൃഷ്ടിക്കുകയുമാണ് കൺസോർഷ്യത്തിന്റെ ലക്ഷ്യം.

ഐ.റ്റി, ന്യൂട്രീമിക്സ്, ഗാർമെന്റ് എന്നീ മേഖലകളിൽ നടത്തിയ കാര്യക്ഷമമായ പഠനങ്ങളേയും വിശകലനങ്ങളേയും തുടർന്നാണ് വിവിധ മേഖലകളിൽ കൺസോർ ഷ്യങ്ങൾ രൂപീകരിക്കാൻ കുടുംബശ്രീ തീരുമാനിച്ചത്. സ്ത്രീകൾക്ക് സമൂഹത്തിൽ ഇടം കണ്ടെത്താനും സ്വന്തം കാലിൽ ഉറച്ചു നിൽക്കാനും കൺസോർഷ്യം സഹായിക്കും. കുടുംബശ്രീ സംഘടനാസംവിധാനത്തിന്റെ ഏകോപനത്തിലൂടെയും സംരംഭങ്ങളുടെ സംയോജനത്തിലൂടെയും വിപണിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കൺസോർഷ്യത്തിന് സാധിക്കും. വിപണിയിൽ പുതിയ തന്ത്രങ്ങൾ ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പാക്കാനും ഇത് സഹായിക്കും. സ്ത്രീകൾ ഉടമസ്ഥരായ കൂടുതൽ ഐ.റ്റി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അടിത്തറ വിവരസാങ്കേതിക മേഖലയിൽ സൃഷ്ടിക്കുന്നതിന് 'ഉന്നതി' കൺസോർഷ്യത്തിന് കഴിയും.

നാൽപ്പതു വയസ്സിൽ താഴെയുള്ള മിനിമം +2 വിദ്യാഭ്യാസമുള്ളവർക്കാണ് ഉന്നതിക്കു കീഴിൽ കംപ്യൂട്ടർ സെന്ററുകൾ ആരംഭിക്കാൻ യോഗ്യതയുള്ളത്. ഇപ്പോൾ ഏകദേശം 1500 ലേറെ സ്ത്രീകൾ ഈ യൂണിറ്റുകൾ വഴി സർക്കാർ സ്ഥാപനങ്ങളുടെയും മുനിസിപ്പാലിറ്റികളുടെയും ഡാറ്റാ പ്രോസസിംഗ് ജോലികൾ ചെയ്തുവരുന്നു. കുടുംബശ്രീ ഐ.റ്റി സംരംഭകരെ സ്വന്തം നിലയിൽ പ്രവർത്തിക്കാനും പ്രാപ്തരാക്കുന്നു.

കമ്പ്യൂട്ടർ അപ്ഗ്രഡേഷൻ, സ്കിൽ വികസനം എന്നീ മേഖലകളിൽ കുടുംബശ്രീ സംരംഭങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം കാണാനും കുടുംബശ്രീ ഐ.റ്റി. സംരംഭങ്ങൾക്ക് വിദഗ്ദ്ധ സഹായം ലഭ്യമാക്കാനും കൺ സോർഷ്യം വഴി കഴിയും. വിവരസാങ്കേതിക മേഖലയിൽ മികച്ച വരുമാനവും തൊഴിലും ഉറപ്പാക്കുക, സംരംഭകർക്ക് ആരോഗ്യം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ക്ഷേമനടപടി ആവിഷ്കരിച്ച് നടപ്പാക്കുക, കുടുംബശ്രീ ഐ.റ്റി. സംരംഭങ്ങൾ തമ്മിലും മറ്റ് സ്ഥാപനങ്ങളുമായും സഹകരണം മെച്ചപ്പെടുത്തുക എന്നിവയും ഉന്നതി വഴി ലക്ഷ്യമിടുന്നുണ്ട്.



കുടുംബശ്രീ പ്രവർത്തനങ്ങൾ പഠിക്കാൻ, ഹിമാചൽ പ്രദേശ് ഗ്രാമവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ.ആർ.എൻ.ബട്ടയുടെ നേതൃത്വത്തിൽ കേരളം സന്ദർശിച്ച സംഘം പഞ്ചായത്ത് മന്ത്രി ഡോ. എം.കെ മുനീറിനൊപ്പം കുടുംബശ്രീ സംസ്ഥാന ഓഫീസിൽ

# വിജയത്തിളക്കത്തിൽ ആലത്തൂരിലെ ബാലസഭ



പാലക്കാട് ജില്ലാതല വോളിബോൾ ടൂർണമെന്റിൽ മികച്ച വിജയം നേടിയ ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് ബാലസഭ അംഗങ്ങൾ

# മായമില്ല, ഗുണം മെച്ചം

## മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുമായി 'അമൃതം' യൂണിറ്റുകൾ



അമൃതം ന്യൂട്രിമിക്സ് ജില്ലാ കൺസോർഷ്യം ഓഫീസ് ഉദ്ഘാടനം കേന്ദ്ര ഊർജ സഹമന്ത്രി കെ സി. വേണുഗോപാൽ നിർവഹിക്കുന്നു.



വിപണനമേളയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് യു. പ്രതിഭാ ഹരി നിർവഹിക്കുന്നു

രുചിക്കും നിറത്തിനും രാസവസ്തുക്കൾ ചേർക്കുമെന്ന പേടി വേണ്ട. അമ്പലപ്പുഴ കുടുംബശ്രീ അമൃതം യൂണിറ്റിന്റെ പലഹാരങ്ങൾ ആർക്കും ധൈര്യമായി കഴിക്കാം. കേരളീയ പരമ്പരാഗത പലഹാര രുചികളുടെ വൈവിദ്ധ്യങ്ങളൊരുക്കി അവലോസുണ്ട മുതൽ റാഗിപ്പൊടിവരെ പതിനാലുതരം ഉൽപ്പന്നങ്ങളുമായി അമൃതം യൂണിറ്റിന്റെ പ്രവർത്തനം വിപുലപ്പെടുത്തുകയാണ് അമ്പലപ്പുഴയിലെ കുടുംബശ്രീ പ്രവർത്തകർ.

സാമൂഹികക്ഷേമ വകുപ്പ് അംഗൻവാടികൾ വഴി വിതരണം ചെയ്തുവരുന്ന അമൃതം ഫുഡ് സപ്ലിമെന്റ് ഉൽപ്പാദിപ്പിക്കുന്ന ഈ യൂണിറ്റ് വലിയ പ്രതീക്ഷകളോടെയാണ് പുതിയ പരീക്ഷണവുമായി വിപണിയിലെത്തിയിരിക്കുന്നത്. ജില്ലയിലെ 40 അമൃതം യൂണിറ്റുകൾ വഴിയാണ് ഇവരുടെ ഉൽപ്പന്നങ്ങൾ വിപണയിലെത്തിക്കുന്നത്. പതിനാലു പഞ്ചായത്തുകളിലെ മിനി സൂപ്പർമാർക്കറ്റുകൾ വഴിയും ജില്ലാ പഞ്ചായത്തിന്റെ 12 കിയോസ്കുകൾ മുഖേനയുമാണ് ഉൽപ്പന്നങ്ങളുടെ വിതരണം. കൂടാതെ എഴുപത്തഞ്ചോളം കടുംബശ്രീ അംഗങ്ങൾ ഉൾപ്പെടുന്ന സംഘം വീടുവീടാന്തരമുള്ള വിൽപ്പനയിലും ഏർപ്പെട്ടിട്ടുണ്ട്. ഒരാൾ ഒരു ദിവസം 20 വീട് എന്ന കണക്കിൽ ഇവർ വിൽപ്പന നടത്തുന്നു. ജില്ലയിലെ അമൃതം യൂണിറ്റുകളെ ക്ലസ്റ്റർ ചെയ്തു നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ ഭാഗമായാണ് സംഘാംഗങ്ങൾ നാടൻ പലഹാരങ്ങളുമായി മാർക്കറ്റിലെത്തുന്നത്.

അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽ കുടുംബശ്രീ അമൃതം ഫുഡ് സപ്ലിമെന്റ് ജില്ലാ കൺസോർഷ്യം കേന്ദ്ര ഊർജ വകുപ്പു സഹമന്ത്രി കെ.സി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. ജി.സുധാകരൻ എം.എൽ. എ. അധ്യക്ഷനായിരുന്നു. രാവിലെ നടന്ന സാംസ്കാരിക ഘോഷയാത്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സതി എസ്. നാഥ് ഫ്ളാഗ് ഓഫ് ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി. സുലേഖ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ്. രാധാകൃഷ്ണൻ നായർ, ജില്ലാപഞ്ചായത്ത് അംഗം ബിന്ദു ബൈജു, ജി.വേണുഗോപാൽ, സുലോചന സുധാകർ വത്സല എസ്. വേണു, എ. സാബു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

കുടുംബശ്രീ അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

ചേരിപരിഷ്കരണം

# വിഴിഞ്ഞത്ത് 76 കോടിയുടെ കേന്ദ്ര പദ്ധതി

തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത് ചേരിരഹിത നഗരവികസനത്തിന് 76.35 കോടിയുടെ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചു. രാജീവ് ആവാസ് യോജനയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസിയായ കുടുംബശ്രീയാണ് തിരുവനന്തപുരം നഗരസഭയുമായി ചേർന്ന് കേന്ദ്രസഹായത്തോടെ മതിപ്പുറത്ത് വിപുലമായ പദ്ധതി നടപ്പാക്കുന്നത്. ഇതടക്കം രാജീവ് ആവാസ് യോജനക്കു കീഴിലുള്ള നാല് പൈലറ്റ് പദ്ധതികൾക്കാണ് ജനുവരി 19ന് ന്യൂഡൽഹിയിൽ നടന്ന ചർച്ചയിൽ അനുമതിയായത്.

വിഴിഞ്ഞം വാർഡിൽ മതിപ്പുറം പ്രദേശത്ത് 1,032 കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് നഗരകാര്യ മന്ത്രി പി.കെ കുഞ്ഞാലി ക്കുട്ടി അറിയിച്ചു. പദ്ധതി പ്രദേശത്ത് വീടും കക്കൂസ്, കുളിമുറി, വൈദ്യുതി, വഴി എന്നിവയടക്കമുള്ള അനുബന്ധസൗകര്യങ്ങളും മറ്റു സാമൂഹിക പശ്ചാത്തലസൗകര്യങ്ങളും ലഭ്യമാക്കും. ഉണക്കമത്സ്യം സംസ്കരിക്കുന്നതിനുള്ള സംവിധാനം, വസ്ത്ര നിർമ്മാണശാല, മത്സ്യ സംഭരണത്തിനും മത്സ്യബന്ധനഉപകരണങ്ങളുടെ വിൽപ്പനയ്ക്കുമുള്ള കടകൾ എന്നിവയും കോളനിയിലൊരുക്കും. റോഡ്- വൈദ്യുതിബന്ധം, ബയോഗ്യാസ് പ്ലാന്റ്, മലിനജല സംസ്ക്കരണ സംവിധാനം എന്നിവയും പദ്ധതിയിൽ ഉൾപ്പെടും.

ന്യൂഡൽഹിയിൽ കേന്ദ്ര പദ്ധതി സാങ്ഷനിംഗ് സമിതിയുമായുള്ള ചർച്ചയിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജയിംസ് വർഗ്ഗീസ്, കുടുംബശ്രീ പ്രോഗ്രാം ഓഫീസർ എസ്. കാർത്തികേയൻ, നഗരസഭാ അഡീഷണൽ സെക്രട്ടറി രാധാകൃഷ്ണ ക്കുറുപ്പ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ ശിവകുമാർ എന്നിവർ പങ്കെടുത്തു.

ആശയത്തിലെ നൂതനത്വം, ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം എന്നിവ കൊണ്ട് ശ്രദ്ധേയമാണ് മതിപ്പുറം പദ്ധതി. രാജീവ് ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയ രാജ്യ ത്തെ ഏറ്റവും ശ്രദ്ധയാകർഷിച്ച പദ്ധതിയാണ് മതിപ്പുറം പദ്ധതി. പദ്ധതി ചെലവിന്റെ 50 ശതമാനം കേന്ദ്ര സർക്കാരും 30 ശതമാനം സംസ്ഥാന സർക്കാരും 20 ശതമാനം നഗര സഭയും വഹിക്കും. 2012 മുതൽ 14 വരെയാണ് പദ്ധതിനിർവഹണ കാലാവധി.

# എന്റെ വീട് എന്റെ അയൽപക്കം

## കുഞ്ഞുമനസിലെ മോഹങ്ങൾ ഇതൾവിടർന്നപ്പോൾ

ഒരു കൊച്ചു വീട്, മുറ്റത്തൊരു കിണറ്, അതിനരികിൽ തണൽ വീശി നിൽക്കുന്ന തെങ്ങ്, മുകളിൽ നീലാകാശം......കുഞ്ഞുമനസുകളിലെ ഭാവനകൾ ചിറകുവിടർത്തിയപ്പോൾ ക്യാൻവാസിൽ തെളിഞ്ഞത് കടലോളം പോന്ന മോഹങ്ങൾ.

വിഴിഞ്ഞം കടലോരചേരിയിലെ കുട്ടികളാണ് ചിത്രരചനയിലൂടെ തങ്ങളുടെ ദുരിതജീവിതം പകർത്തിവച്ചത്. ചിലർ ജീവിതയാഥാർത്ഥ്യങ്ങൾ വരച്ചുകാട്ടിയപ്പോൾ ചിലർ വരച്ചത് തങ്ങളുടെ സ്വപ്നങ്ങൾ. ബാല്യത്തിന്റെ ചിരികളികളിൽ മുഴുകി ഉല്ലസിച്ചു കഴിയേണ്ട കുഞ്ഞുങ്ങൾക്ക് എന്തൊക്കെയാണ് തങ്ങൾക്ക് ഇല്ലാത്തതെന്ന് വ്യക്തമായിട്ടറിയാം. കയറിക്കിടക്കാനൊരു വീട്, കുടിവെള്ളം, വെളിച്ചം, നടക്കാൻ പൊതുവഴി, കളിക്കാൻ ചെടികളും പൂക്കളും നിറഞ്ഞ പാർക്ക്.....ഓലമേഞ്ഞ വീടുള്ളവരുടെ മോഹം ഓടുമേഞ്ഞ ഒരു വീടു സ്വന്തമാക്കണമെന്നതാണെങ്കിൽ ഓടിട്ട വീട്ടിൽ താമസിക്കുന്നവർക്ക് ചെറുതെങ്കിലും ഉറപ്പുള്ള ഒരു കോൺക്രീറ്റ് ഭവനം വേണം. ഇങ്ങനെ തങ്ങളുടെ ആവശ്യങ്ങൾ ഒരോന്നായി അവർ ചായക്കൂട്ടിൽമുക്കി ചിത്രീകരിച്ചപ്പോൾ സംഘാടകർക്ക് കൂടുതലൊന്നും അന്വേഷിക്കേണ്ടിവന്നില്ല. ചേരിരഹിത നഗരാസൂത്രണ കർമപരിപാടിയുടെ ഭാഗമായിട്ടായിരുന്നു ചിത്രരചനാമൽസരം സംഘടിപ്പിച്ചത്. വിഴിഞ്ഞം കടലോര ചേരികളിലെ നിവാസികൾക്കിടയിൽ സാമൂഹികാവശ്യം വിലയിരുത്തുന്നതിനായി കുടുംബശ്രീ നടത്തിയ സാമൂഹിക സർവ്വേയുടെ ഭാഗമായിരുന്നു ഈ പരിപാടി. കുട്ടികൾ തങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ ചിത്രങ്ങളുടെ ഭാഷയിൽ അധികാരികളുടെ മുന്നിൽ നിരത്തിയപ്പോൾ അത് അർത്ഥപൂർണ്ണമായ ഒരു വിലയിരുത്തലായി മാറി.

1038 കുടുംബങ്ങളിലായി 5000 ത്തോളം വരുന്ന ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മതിപ്പുറം പ്രദേശത്ത് ആശുപത്രിയിൽ പോകാൻ പോലും വഴിയില്ലാത്തതും ആവശ്യത്തിന് കക്കൂസുകളില്ലാത്തതും കുട്ടികളുടെ അമ്മമാർ ചൂണ്ടിക്കാട്ടി. ഒരു കുടം കുടിവെള്ളത്തിന് ഇപ്പോൾ അഞ്ചു രൂപയാണ് ഇവർ നൽകിവരുന്നത്. നിലവിൽ സ്വകാര്യ ഏജൻസികളാണ് ഇവിടെ അമിതവിലയ്ക്ക് കുടിവെള്ളം എത്തിക്കുന്നത്.



ജീവിതം വരയ്ക്കുന്ന കുരുന്നുകൾ: എന്റെ വീട് എന്റെ അയൽപക്കം എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ചിത്രരചനാ മൽസരത്തിൽ പങ്കെടുക്കുന്ന വിഴിഞ്ഞം കടലോരചേരിയിലെ കുട്ടികൾ

ഇനി ഞാൻ...



# ജീവിതം ജീവിച്ചുതീരാനുള്ളതാണ് എരിഞ്ഞടങ്ങാനുള്ളതല്ല

എന്റെ സഹപ്രവർത്തകരേ, സുഹൃത്തുക്കളേ...

കുടുംബശ്രീയുടെ 'സ്ത്രീപദവി സ്വയം പഠനം' എന്ന പരിപാടിയിലൂടെ ഞാൻ നേടിയ മാനസികധൈര്യത്തിന്റെ കഥ ഒരു വലിയ അനുഭവത്തെ സാക്ഷിനിർത്തി ഞാൻ നിങ്ങളുമായി പങ്കുവയ്ക്കുകയാണ്. എന്റെ വാർഡിലെ ഒരു കുടുംബശ്രീ അംഗമായ ലീന മരിയ എന്ന പെൺകുട്ടിക്കുണ്ടായ ദുരന്താനുഭവത്തിലൂടെയാണ് ഭാവിയിൽ ഉണർന്നുപ്രവർത്തിക്കാനുള്ള ധൈര്യം എനിക്കു ലഭിച്ചത്.

ഒരു പാവം പെൺകുട്ടിയായിരുന്നു ലീന മരിയ. എട്ടു വർഷത്തെ പ്രണയത്തിനൊടുവിലാണ് അവളുടെ വിവാഹം നടന്നത്. ഭർത്താവിനെ ജീവനു തുല്യം സ്നേഹിച്ച്, വലിയ സ്വപ്നങ്ങൾ നെയ്തുകൊണ്ട് ജീവിതം തുടങ്ങിയതേയുണ്ടായിരുന്നുള്ളൂ അവൾ. ഏറെത്താമസിയാതെ ഭർത്താവിന്റെ സ്വഭാവത്തിൽ വന്ന മാറ്റം അവളെ അത്ഭുതപ്പെടുത്തി. അയാൾ ഒരു മുഴുക്കുടിയനായി മാറി. അയാൾ വീട്ടിലേക്കു കൂട്ടിക്കൊണ്ടുവരുന്ന കൂട്ടുകാരുടെ ഇംഗിതത്തിനു വഴങ്ങിക്കൊടുത്തില്ല എന്നതാണ് അവളിൽ ചുമത്തിയ പ്രധാന കുറ്റം. പക്ഷേ, ഇതൊന്നും ലീന ആരോടും പറഞ്ഞില്ല. എനിക്കെന്തെങ്കിലും സംഭവിച്ചാൽ എന്റെ മന്ത്രകോടിയുടെ ഉള്ളിൽ ഒരു ഡയറിയുണ്ട്. അതിൽ എല്ലാം ഉണ്ട് എന്ന് അവൾ ഇടയ്ക്കിടെ പറയുമായിരുന്നു.

ഒരു ദിവസം അവളുടെ ഭർത്താവ് ഒരു കൂട്ടുകാരനെയും കൊണ്ട് വീട്ടിൽ വന്നു. അയാളുടെ ആവശ്യം എന്താണെന്ന് ലീനയ്ക്കു മനസിലായി. ലീന വഴങ്ങാതെ വന്നപ്പോൾ വഴക്ക് കയ്യേറ്റമായി മാറി. ഭർത്താവിന്റെ അപ്പനും അമ്മയും നോക്കിനിൽക്കേ അയാൾ അവളുടെ കൈകൾ രണ്ടും പിന്നിലേക്കു ചേർത്തുകെട്ടി. തുടർന്ന് അവളെ മണ്ണെണ്ണയിൽ കുളിപ്പിച്ച് തീകൊളുത്തി. അവളെ രക്ഷിക്കാൻ ആരുമുണ്ടായില്ല. ഭർത്താവ് ഓടിരക്ഷപ്പെടുകയും ചെയ്തു.

**ഇനി ലീനയെപ്പോലെ ആരെങ്കിലും കുടുംബത്തിലോ പുറത്തോ പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്നറിഞ്ഞാൽ അതു കണ്ടില്ലെന്നു നടിക്കാൻ എനിക്കാവില്ല.**

പോസ്റ്റ്മോർട്ടം കഴിഞ്ഞ് ബോഡി വീട്ടിൽ എത്തിച്ചപ്പോൾ ഞാൻ അവിടെയുണ്ടായിരുന്ന കുറച്ചു സ്ത്രീകളെ ഒപ്പം കൂട്ടി പോലീസിനെ സമീപിച്ചു. ശവസംസ്കാരത്തിന് ബോഡി എടുക്കണമെങ്കിൽ ലീനയുടെ ഭർത്താവിനെ ഇവിടെ എത്തിക്കണമെന്നും അല്ലെങ്കിൽ ഞങ്ങൾ പ്രശ്നമുണ്ടാക്കുമെന്നും ഞാൻ പോലീസിനോടു പറഞ്ഞു. പോലീസ് ആദ്യം തടിയൂരാൻ നോക്കിയെങ്കിലും ഒരു ഉയർന്ന രാഷ്ട്രീയപ്രവർത്തകന്റെ വീട്ടിൽനിന്ന് പ്രതിയെ പിടികൂടി. തെളിവില്ലാത്തതിന്റെ പേരിൽ (തെളിവ് നശിപ്പിച്ചിരുന്നു) അയാൾ തടിയൂരാൻ നോക്കിയെങ്കിലും എന്റെ നേതൃത്വത്തിൽ പ്രക്ഷോഭങ്ങളും സമരങ്ങളും നടന്നു. കൊടിയുടെ നിറംനോക്കാതെയാണ് ഈ സമരത്തിൽ എല്ലാവരും പങ്കെടുത്തത് എന്നത് വലിയൊരു പ്രത്യേകതയാണ്. എന്തായാലും അയാളെ മൂന്നു മാസത്തേക്ക് റിമാൻഡ് ചെയ്തു. കേസ് ഇപ്പോഴും നടക്കുന്നു.

ഇതൊക്കെ ചെയ്യുമ്പോൾ എന്റെ മനസിൽ വലിയൊരു എരിതീ നീറിപ്പുകയുന്നുണ്ടായിരുന്നു. എന്റെ നാത്തൂന്റെ ദുരന്തമായിരുന്നു ആ എരിതീയുടെ കാരണം. കുറച്ച് വർഷം മുമ്പ് എന്റെ അനിയന്റെ അടിയേറ്റാണ് അവൾ മരിച്ചത്. അന്നൊന്നും പ്രശ്നമുഖങ്ങളെ നേരിടാനുള്ള അറിവോ തന്റേടമോ എനിക്കുണ്ടായിരുന്നില്ല. സ്ത്രീപദവി സ്വയം പഠന പരിപാടിയാണ് എനിക്ക് പ്രതികരണശേഷിയും മനോധൈര്യവും പകർന്നു നൽകിയത്. ഇനി ലീനയെപ്പോലെ ആരെങ്കിലും കുടുംബത്തിലോ പുറത്തോ പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്നറിഞ്ഞാൽ അതു കണ്ടില്ലെന്നു നടിക്കാൻ എനിക്കാവില്ല. ഈ പരിപാടി നേരത്തേ ഉണ്ടായിരുന്നെങ്കിൽ ലീനയ്ക്ക് ഈ ദുരന്തം സംഭവിക്കില്ലായിരുന്നു. എന്തായാലും ഞങ്ങളുടെ ചുറ്റുവട്ടത്ത് ഇനിയൊരിക്കലും ഇത്തരത്തിൽ ഒരു ദുരന്തമുണ്ടാകാൻ ഞങ്ങൾ അനുവദിക്കില്ല. ഇത് ഞങ്ങളുടെ കൂട്ടായ തീരുമാനമാണ്. ഈ ജീവിതം ജീവിച്ചുതീരാനുള്ളതാണ്, എരിഞ്ഞടങ്ങാനുള്ളതല്ല.

*എറണാകുളം കുടുംബശ്രീ ജില്ലാ മിഷൻ സംഘടിപ്പിച്ച വിജയാനുഭവ സംഗമത്തിൽ മൂക്കന്നൂർ സി.ഡി.എസ്. മുൻ വൈസ് ചെയർപേഴ്സൺ മിനി വർഗ്ഗീസ് അവതരിപ്പിച്ച അനുഭവ സാക്ഷ്യം*



മിനി വർഗീസ്

# കുടുംബശ്രീക്ക് മന്ത്രിയുടെ പ്രശംസ



കേരളത്തിലെ ഗ്രാമസഭകൾ സമ്പുഷ്ടവും സജീവവുമാക്കുന്നതിൽ കുടുംബശ്രീ വഹിച്ച പങ്കിനെ മന്ത്രി ഡോ എം.കെ. മുനീർ പ്രശംസിച്ചു. എന്നാൽ കേവലം പങ്കാളിത്തംകൊണ്ട് അത് അവസാനിക്കാൻ പാടില്ല. ചർച്ചകളിലും തീരുമാനപ്രക്രിയയിലും നിർവ്വഹണത്തിലുമെല്ലാം സജീവമായി ഇടപെടണം. എങ്കിലേ പങ്കാളിത്ത ജനാധിപത്യം യാഥാർത്ഥ്യമാകൂ. കേരളത്തിലെ ഏറ്റവും വലിയ ജനകീയ പ്രസ്ഥാനമായ കുടുംബശ്രീക്ക് അക്കാര്യത്തിൽ വലിയൊരു പങ്കുവഹിക്കാനാവും - ഗ്രാമയാത്രയുടെ സംസ്ഥാനതല ഉദ്ഘാടന യോഗത്തിൽ നടത്തിയ അദ്ധ്യക്ഷപ്രസംഗത്തിൽ മന്ത്രി പറഞ്ഞു.

ഗുണഭോക്താക്കളെ തിരഞ്ഞെടുക്കലും ആനുകൂല്യങ്ങൾ വീതിക്കലുമല്ല ഗ്രാമസഭകളിൽ നടക്കേണ്ടത്. അത് സക്രിയവും സർഗാത്മകവുമാകണം - ഡോ. മുനീർ പറഞ്ഞു. ഉദ്ഘാടനശേഷം നടന്ന സംഗീത സദസ്സിൽ 'സുറുമയെഴുതിയ മിഴികളേ' എന്ന ഗാനം മന്ത്രി ആലപിച്ചു.

കുടുംബശ്രീ വാർത്താപത്രിക

# ഉത്തരവാദിത്ത ടൂറിസം
## ഹോംഷോപ്പ് ഉദ്ഘാടനം ചെയ്തു




*ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി വയനാട്ടിൽ നടപ്പാക്കുന്ന ഹോംഷോപ്പിന്റെ ഉദ്ഘാടനം വൈത്തിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ഗഗാറിൻ നിർവ്വഹിക്കുന്നു*

കുടുംബശ്രീയുടെ പ്രാദേശിക ഉൽപ്പാദന വിപണനരംഗത്ത് പുത്തൻ ചുവടുവയ്പുമായി വയനാട്ടിൽ ഹോംഷോപ്പുകൾ യാഥാർത്ഥ്യമായി. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ ജില്ലാ മിഷൻ വൈത്തിരി ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഹോംഷോപ്പിന്റെ ഉദ്ഘാടനം വൈത്തിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ഗഗാറിൻ നിർവ്വഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ.എം സജി അദ്ധ്യക്ഷനായിരുന്നു. പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ കുടുംബശ്രീ സംവിധാനത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന സമൃദ്ധി ഷോപ്പിൽ ശേഖരിക്കുകയും അവ ന്യായവിലയ്ക്ക് ഹോംഷോപ്പ് വഴി വിതരണം ചെയ്യാനുമാണ് ഉദ്ദേശിക്കുന്നത്. പ്രാഥമിക ഘട്ടം എന്ന നിലയിൽ വൈത്തിരി ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിൽ ഓരോ ഹോംഷോപ്പുകൾ ആരംഭിക്കും. ഇവയ്ക്കാവശ്യമായ പ്രവർത്തന സൗകര്യം കുടുംബശ്രീ ജില്ലാ മിഷനും വൈത്തിരി ഗ്രാമപഞ്ചായത്തും സംയുക്തമായി ഒരുക്കും. സമൃദ്ധി ആർ.ടി ഷോപ്പിൽ ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾ അവിടെ നിന്നും ഹോംഷോപ്പ് സംരംഭകർ അവരവരുടെ വീടുകളിൽ എത്തിച്ച് അവിടെ നിന്ന് നേരിട്ട്, വീടുവീടാന്തരം എത്തിക്കുകയുമാണ് ചെയ്യുന്നത്. കുടുംബശ്രീ അംഗങ്ങൾ ഉത്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങളായ ധാന്യപ്പൊടികൾ, മസാലപ്പൊടികൾ, പപ്പടം, വിവിധയിനം കൊണ്ടാട്ടങ്ങൾ, അച്ചാറുകൾ, ദാഹശമനി, സോപ്പ് ഉൽപ്പന്നങ്ങൾ മുതലായവ ഹോം ഷോപ്പ് സംവിധാനത്തിലൂടെ അവരവരുടെ വീട്ടുമുറ്റത്ത് ലഭിക്കുന്നതാണ്.

ചടങ്ങിൽ വികസനകാര്യ സ്ഥിരം സമിതി ചെയർപേഴ്സൺ ടി.പി. സബിത, പഞ്ചായത്ത് മെമ്പർ സോഫി ടീച്ചർ, എന്നിവർ ആശംസ അർപ്പിച്ചു. ഹോംഷോപ്പ് അംഗം പ്രിൻസി സ്വാഗതവും കുടുംബശ്രീ ഉത്തരവാദിത്ത ടൂറിസം കൺസൾട്ടന്റ് എൻ.പി. ഷിബു നന്ദിയും പറഞ്ഞു.

### മാഗി ഫെലിക്സിയുടെ ഹോംമെയ്ഡ് ചോക്കലേറ്റ്



കൈപ്പുണ്യത്തിന്റെ പര്യായം
രുചിയുടെ രസതന്ത്രം'

കുമളി പഞ്ചായത്തിലെ കുടുംബശ്രീ അംഗം
മാഗി ഫെലിക്സി തയ്യാറാക്കുന്ന ചോക്കലേറ്റുകൾ

കുടുംബശ്രീ ഉല്പന്നങ്ങൾ മൊത്തമായി വാങ്ങാനും വിതരണം നടത്താനും താത്പര്യമുള്ളവർ മാർക്കറ്റിംങ് ടീമുമായി ബന്ധപ്പെടുക ഫോൺ : 9895896716, 9946121217

## കുടുംബശ്രീ ജില്ലാ വാർത്തകൾ

തൃശൂർ

### പൂജക്കദളി പദ്ധതി നാലു പഞ്ചായത്തുകളിലേക്ക് കൂടി

തൃശൂർ ജില്ലയിലെ കൊടകര ബ്ലോക്കിലുള്ള ഏഴ് ഗ്രാമ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടപ്പാക്കി വരുന്ന നിവേദ്യം പൂജക്കദളി പദ്ധതി നാലു പഞ്ചായത്തുകളിലേക്കു കൂടി വ്യാപിപ്പിക്കുന്നു. പറപ്പൂക്കര, വല്ലച്ചിറ, പുത്തൂർ പാണഞ്ചേരി ഗ്രാമപഞ്ചായത്തുകളാണ് പദ്ധതി വ്യാപനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതി വ്യാപനത്തിന്റെ ഭാഗമായി ജനുവരി നാലിന് പറപ്പൂക്കര ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് കദളിവാഴ കൃഷിയിൽ താൽപര്യം പ്രകടിപ്പിച്ച് മുന്നോട്ടു വന്ന അറുപതോളം വനിതാ കർഷകരെ പങ്കെടുപ്പിച്ച് ഏകദിന പരിശീലനം നടത്തി. കണ്ണാറ വാഴഗവേഷണ കേന്ദ്രത്തിൽ നിന്നുള്ള ഡോ. രമാ മേനോൻ കദളിവാഴ കൃഷിയെക്കുറിച്ചും പരിപാലന മുറകളെക്കുറിച്ചും ക്ലാസ്സെടുത്തു. പറപ്പൂക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.കെ പ്രസാദൻ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ഇപ്പോൾ ഗുരുവായൂർ ക്ഷേത്രത്തിലേക്ക് പ്രതിദിനം 4000 കദളിപ്പഴം വീതം നൽകിവരുന്നത് 12,000 ആയി വർദ്ധിപ്പിക്കാനാണ് പദ്ധതി വ്യാപനത്തിലൂടെ ലക്ഷ്യമിടുന്നത്.

കണ്ണൂർ

### കർഷക സെമിനാർ

കണ്ണൂർ കുടുംബശ്രീമിഷന്റേയും അഗ്രിഹോർട്ടികൾച്ചർ സൊസൈറ്റിയുടേയും ആഭിമുഖ്യത്തിൽ പുഷ്പോൽസവ നഗരിയിൽ ജനുവരി 27 ന് കാർഷിക സെമിനാർ നടത്തി. കണ്ണൂർ ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട എം കെ എസ് പി വനിതാ കർഷക റിസോഴ്സ്പേഴ്സൺമാരായ 120 പേർ പങ്കെടുത്തു

സെമിനാർ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഡോ. എം കെ രാജശേഖരൻ ഉദ്ഘാടനം ചെയ്തു. ശാസ്ത്രീയ പച്ചക്കറി കൃഷിയെക്കുറിച്ച് പ്രൊഫ. വി. ജയരാജൻ ക്ലാസ്സെടുത്തു. പങ്കെടുത്ത മുഴുവൻ കുടുംബശ്രീ അംഗങ്ങൾക്കും ആറളം ഫാമിൽ നിന്നുള്ള മോഹിത് നഗർ കവുങ്ങിൻതൈ ഉപഹാരമായി നൽകി.

കോട്ടയം

### സ്ത്രീപദവി പഠനം - പരിശീലനം



സ്ത്രീപദവി സ്വയം പഠനത്തിന്റെ ഭാഗമായി ജില്ലാ റിസോഴ്സസ് ടീം തയ്യാറാക്കിയ 'സ്ത്രീയും ആരോഗ്യവും പഠന സഹായി' ആസ്പദമാക്കി റിസോഴ്സസ് ടീമിന് പരിശീലനം നൽകി. ജന്റർ ആർ.പിമാർ അംഗൻവാടി, ആശാപ്രവർത്തകർ എന്നിവർ ഉൾപ്പെടുന്ന 65 പേർ പരിശീലനത്തിൽ പങ്കെടുത്തു. ദിദ്വിന ശില്പശാല ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ജോമോൻ ജോസഫ് ഉദ്ഘാടനം ചെയ്തു. സ്ത്രീകളും പ്രത്യുല്പാദന രോഗങ്ങളും എന്ന വിഷയത്തിൽ ഡോ.പി.കെ തങ്കമ്മയും മാനസികാരോഗ്യം, കൗൺസിലിംഗ് എന്നിവയിൽ ഡോ. ആൻസി ജോർജും ക്ലാസെടുത്തു. ഇതോടനുബന്ധിച്ച് പഠനസഹായി വായനയും ചർച്ചയും സംഘടിപ്പിച്ചു.

കണ്ണൂർ

### ചെയർപേഴ്സൺമാർക്ക് സ്വീകരണം

ജനസംഖ്യയിൽ ഭൂരിപക്ഷമുള്ള സ്ത്രീകളുടെ ശാക്തീകരണ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ഇക്കാര്യത്തിൽ കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നും കണ്ണൂർ അസിസ്റ്റന്റ് കലക്ടർ വീണ ഐ. എ. എസ്സ്. അഭിപ്രായപ്പെട്ടു. ജില്ലയിലെ ചെയർപേഴ്സൺമാരുടെ സ്വീകരണയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു വീണ. തൃപ്പങ്ങോട്ടൂർ സി. ഡി. എസ്സ് തയ്യാറാക്കിയ വാർഷികപ്പതിപ്പ് 'റാന്തലി'ന്റെ ജില്ലാതല പ്രകാശനകർമ്മം ചെയർപേഴ്സൺ ഗീത, വൈസ് ചെയർപേഴ്സൺ അനിത എന്നിവർക്ക് നൽകി അസിസ്റ്റന്റ് ജില്ലാ കലക്ടർ വീണ നിർവ്വഹിച്ചു. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഡോ. എം. കെ.രാജശേഖരൻ അധ്യക്ഷത വഹിച്ചു.



*കുടുംബശ്രീയുടെ ഗവേണിങ് ബോഡി അംഗങ്ങൾ ഇടുക്കി ജില്ലയിലെ വിവിധ സംഘക്കൃഷി യൂണിറ്റുകൾ സന്ദർശിക്കുന്നു*

### ഗവേണിങ് ബോഡി അംഗങ്ങൾ സംഘക്കൃഷിയൂണിറ്റുകൾ സന്ദർശിച്ചു

കുടുംബശ്രീയുടെ ഗവേണിങ് ബോഡി ഉപസമിതി അംഗങ്ങളായ എം.അബ്ദുള്ളക്കുട്ടി, അഡ്വ.ബിന്ദു കൃഷ്ണ, എസ്.പി.കുഞ്ഞഹമ്മദ് എന്നിവർ ഇടുക്കി ജില്ലയിലെ വിവിധ സംഘക്കൃഷി യൂണിറ്റുകൾ സന്ദർശിച്ചു. കൃഷി രീതികൾ, ഉല്പാദനം, വിപണനം, വരുമാനം എന്നിവയെക്കുറിച്ച് ജി.ബി.

അംഗങ്ങൾ കുടുംബശ്രീ യൂണിറ്റംഗങ്ങളുമായി വിശദമായി ചർച്ച നടത്തി. ഫലപ്രദമായി സംഘ ക്കൃഷി പദ്ധതിയിൽ ഏർപ്പെട്ട വനിതകളെ ജി.ബി. അംഗങ്ങൾ അനുമോദിച്ചു.

### കേരളത്തിന്റെ കുടുംബശ്രീ

കുടുംബശ്രീയുടെ മാസിക 'കേരളത്തിന്റെ കുടുംബശ്രീ' കൂടുതൽ പുതുമകളോടെ പുനഃപ്രസിദ്ധീകരണം തുടങ്ങുന്നു. കുടുംബശ്രീ വാർത്തകൾ, അറിയിപ്പുകൾ, വിജയഗാഥകൾ, കുടുംബശ്രീ പ്രവർത്തകരുടെ രചനകൾ, വിവിധ പംക്തികൾ എന്നിവ ഉൾക്കൊള്ളുന്ന ദ്വൈമാസികയുടെ വരിക്കാരാകാൻ താല്പര്യമുള്ളവർ വരിസംഖ്യ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പേരിൽ, തിരുവനന്തപുരത്തു മാറാവുന്ന ഡി.ഡി. ആയി പൂർണവിലാസത്തോടൊപ്പം അയയ്ക്കുക.

ഒരു വർഷത്തേക്ക്
വരിസംഖ്യ: 40 രൂപ

Printed, Published and owned by Sarada Muraleedharan IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, Published from 2nd Floor, TRIDA Building, Chalakkuzhi Road, Medical College (P.O.), Thiruvananthapuram, Design & Layout: Communique, Tvm-1, Printed at: Kerala State Audio Visual & Reprographic Centre. Managing Editor: P. K. Thomas, Editor: Ajith Venniyoor.